പാഠം 10

# ഓർക്ക, മറന്നുകളയരുത്

## ശബ്ബത്ത് സായാഹ്നം

**ഈ ആഴ്ചയിലെ പഠനത്തിന്: ഉല്പത്തി 9:8–17; ആവ. 4:32–39; വെളി. 14:12; ആവ. 4:9,23; 6:7; 8:7–18; എഫെ. 2:8–13.**

**മനഃപാഠവാക്യം: "നീ മരുഭൂമിയിൽവെച്ചു നിന്റെ ദൈവമായ യഹോവയെ കോപിപ്പിച്ചു എന്ന് ഓർക്ക; മറന്നുകളയരുത്; മിസ്രയീം ദേശത്തുനിന്ന് പുറപ്പെട്ട നാൾമുതൽ ഈ സ്ഥലത്തു വന്നതുവരെയും നിങ്ങൾ യഹോവയോടു മത്സരിക്കുന്നവരായിരുന്നു" (ആവ. 9:7).**

ബൈബിളിലുടനീളം രണ്ടുപദങ്ങൾ പ്രത്യക്ഷപ്പെടുന്നു: ഓർക്ക, മറക്ക. രണ്ടും മാനവകുലത്തെ ബന്ധപ്പെട്ടുള്ളതാണ്. നമ്മുടെ മനസ്സിൽ സംഭവിക്കുന്ന കാര്യമാണ്. രണ്ടും ക്രിയാപദങ്ങളും അവ വിപരീത പദങ്ങളുമാണ്: ഓർക്കുക എന്നാൽ മറക്കാതിരിക്കുന്നതാണ്, മറക്കുക എന്നാൽ ഓർക്കാതിരിക്കുന്നതുമാണ്.

ദൈവം തന്റെ ജനത്തിനുവേണ്ടി ചെയ്ത എല്ലാ കാര്യങ്ങളും ഓർക്കുന്നതിന് തന്റെ ജനത്തോട് പലപ്പോഴും പറയുന്നു. അവർക്കുവേണ്ടിയുള്ള അവന്റെ കൃപയും അവരോടുള്ള അവന്റെ നന്മയും ഓർക്കുക. പഴയനിയമത്തിലധികവും പ്രവാചകന്മാർ ജനത്തോട്, എബ്രായജനത്തോട് ദൈവം അവർക്കുവേണ്ടി ചെയ്തവ മറക്കരുത് എന്നുപറയുന്ന ഭാഗങ്ങളാണ്. എന്നാൽ അതിലും പ്രധാനമായി, അവനിലുള്ള അവരുടെ വിളി എന്തായിരുന്നു എന്നും ആ വിളിക്കു പ്രത്യുത്തരമായി അവർ ഏതു തരത്തിലുള്ള ജനമായിരിക്കണമെന്നതും അവർ മറക്കാതിരിക്കണമായിരുന്നു. "ഞാൻ യഹോവയുടെ പ്രവൃത്തികളെ വർണിക്കും, നിന്റെ പണ്ടത്തെ അത്ഭുതങ്ങളെ ഞാൻ ഓർക്കും" (സങ്കീ. 77:11).

ഒരു സംഘടിതമായ നിലയിലായിരുന്നാലും അതിലധികമായി വ്യക്തിപരമായിട്ടാണെങ്കിലും ഇന്ന് ഇത് എന്തെങ്കിലും തരത്തിൽ വ്യത്യസ്തമാണോ? ദൈവം നമുക്കുവേണ്ടി ചെയ്തവ മറന്നുകളയുന്നത് എത്ര എളുപ്പമായ കാര്യമാണ്.

നമ്മുടെ ജീവിതത്തിൽ ദൈവം നമ്മോട് ഇടപെട്ടിട്ടുള്ള രീതികളെ ഓർക്കുകയും അവ മറക്കാതിരിക്കുകയും ചെയ്യുന്ന ഈ പ്രധാനപ്പെട്ട തത്വം ആവർത്തനപുസ്തകത്തിൽ പ്രകടമായിരിക്കുന്ന പ്രകാരം നാം ഈയാഴ്ച പഠിക്കും.

***ഈ ആഴ്ചയിലെ പാഠം പഠിച്ച് ഡിസംബർ 4 ശബ്ബത്തിനുവേണ്ടി നമുക്ക് ഒരുങ്ങാം...***

## മഴവില്ല് ഓർക്കുന്നു

ജലപ്രളയത്തിനുശേഷം, ദൈവം ഇനിയൊരിക്കലും ഭൂമിയെ ഒരു ജലപ്രളയത്താൽ നശിപ്പിക്കുകയില്ലെന്ന് സർവ്വജഡത്തോടും ചെയ്ത അവന്റെ നിയമത്തിന്റെ അടയാളമെന്നവിധം വില്ല് മേഘത്തിൽവയ്ക്കുന്നെന്ന് ദൈവം നോഹയോട് പറഞ്ഞ ഉല്പത്തി ഒൻപതിലാണ് ബൈബിളിൽ ആദ്യമായി "ഓർക്കുക" എന്ന പദം പ്രത്യക്ഷപ്പെടുന്നത്.

**വായിക്കുക: ഉല്പത്തി 9:8-17. "ഓർക്കുക" എന്ന പദം ഇവിടെ എങ്ങനെയാണ് ഉപയോഗിച്ചിരിക്കുന്നത്, ദൈവം നമുക്കുവേണ്ടി ചെയ്തവയെ നാമെങ്ങനെ ഓർക്കണമെന്നുള്ളതിന്റെ ഉപയോഗത്തിൽനിന്നും നമുക്കെന്തുപഠിക്കുവാൻ കഴിയും?**

ദൈവത്തിന് തന്റെ വാഗ്ദത്തവും ഉടമ്പടിയും ഓർക്കുന്നതിന് ഒരു മഴവില്ലിന്റെ ആവശ്യമില്ല. മനുഷ്യർക്കു മനസ്സിലാക്കുവാൻ കഴിയുന്ന ഭാഷയിൽ സംസാരിച്ചു എന്നുമാത്രം. എന്തെങ്കിലുമുണ്ടെങ്കിൽ, മഴവില്ല് നമുക്കുവേണ്ടിയാണ്. മനുഷ്യരെന്നനിലയിൽ, ലോകത്തെ വീണ്ടും വെള്ളത്താൽ നശിപ്പിക്കുകയില്ലെന്ന വാഗ്ദത്തവും ഉടമ്പടിയും ഓർക്കുന്നതിനുവേണ്ടിയാണ്. മറ്റൊരുവിധത്തിൽ പറഞ്ഞാൽ, ദൈവമുണ്ടാക്കിയ ഈ പ്രത്യേക ഉടമ്പടി ജനം ഓർക്കുന്നതിന് അവരെ സഹായിക്കുന്നതിനായിരുന്നു മഴവില്ല്; ഓരോസമയവും മഴവില്ല് പ്രത്യക്ഷപ്പെടുമ്പോൾ, ദൈവജനം ഓർക്കേണ്ടത്, ലോകത്തിന്റെ പാപംകാരണം അതിന്മേലുണ്ടായ ദൈവത്തിന്റെ ന്യായവിധി മാത്രമല്ല, എന്നാൽ ലോകത്തോടുള്ള അവന്റെ സ്നേഹവും വീണ്ടും ജലപ്രളയം ഉണ്ടാകുകയില്ല എന്ന വാഗ്ദത്തവുമാണ്.

അങ്ങനെ, ഇവിടെ ഓർക്കുകയെന്ന ആശയത്തിന്റെ പ്രാധാന്യത്തെ നാം കാണുന്നു: ദൈവത്തിന്റെ വാഗ്ദത്തത്തെയും മുന്നറിയിപ്പുകളെയും ഓർക്കുന്നു. ലോകത്തിൽ ദൈവത്തിന്റെ പ്രവൃത്തിയും ഓർക്കുന്നു. പ്രകൃതിനിയമത്തിന്റെ നിരന്തരത്വം അടിസ്ഥാനമാക്കി, ലോകവ്യാപകമായ ഒരു ജലപ്രളയം ഉണ്ടായിയെന്ന ആശയത്തെ അനേക ശാസ്ത്രജ്ഞന്മാരും നിരാകരിക്കുമ്പോൾ മേഘത്തിലെ മഴവില്ല് ഇന്ന് കൂടുതൽ പ്രധാനമായിത്തീർന്നിരിക്കുന്നു. ജലപ്രളയം ഉണ്ടാകുന്നതിനുമുമ്പ്, പ്രകൃതിനിയമത്തിന്റെ നിരന്തരത്വം ലോകവ്യാപകമായ ഒരു ജലപ്രളയമുണ്ടാകുമെന്ന സാദ്ധ്യതയെ തള്ളിക്കളയുന്നെന്ന ആശയം പല മനുഷ്യർക്കും ഉണ്ടായിരുന്നെന്ന് എലൻ വൈറ്റ് എഴുതിയിരിക്കുന്നത് എത്ര മനം കവരുന്നതാണ്. "ദൈവത്തിനുപോലും മാറ്റുവാൻ കഴിയാത്തവിധം പ്രകൃതിനിയമങ്ങൾ അരക്കിട്ട് ഉറപ്പിക്കപ്പെട്ടിരിക്കുകയാണെന്ന്" ബുദ്ധിമാന്മാരായ മനുഷ്യർ വാദിച്ചു എന്ന് എലൻ വൈറ്റ് എഴുതി. പ്രവാചകന്മാരും ഗോത്രപിതാക്കന്മാരും, പുറം 97. പ്രകൃതിനിയമങ്ങളെ അടിസ്ഥാനമാക്കി, ജലപ്രളയം ഉണ്ടാകുകയില്ലെന്ന് അതിനുമുമ്പ് മനുഷ്യർ വാദിച്ചു; പ്രകൃതിനിയമങ്ങളെ അടിസ്ഥാനമാക്കി, മനുഷ്യർ ജലപ്രളയത്തിനുശേഷം അത് ഒരിക്കലും ഉണ്ടായിട്ടില്ലെന്നു വാദിക്കുന്നു.

എങ്ങനെയായിരുന്നാലും, ജലപ്രളയത്തെപ്പറ്റി ദൈവം തന്റെ വചനത്തിൽ നമ്മോടു പറയുകയും ലോകത്തിന് ഒരു അടയാളം കൊടുക്കുകയും ചെയ്തു. ജല

പ്രളയത്തെപ്പറ്റി മാത്രമല്ല, വീണ്ടും അത് കൊണ്ടുവരുകയില്ല എന്നുള്ള അവന്റെ വാഗ്ദത്തത്തെപ്പറ്റിയുമാണ്. മഴവില്ല് എന്താണ് അർത്ഥമാക്കുന്നത് എന്ന കാര്യം നാം ഓർക്കുമെങ്കിൽ, ദൈവത്തിന്റെ വചനം വിശ്വസനീയമാണ് എന്ന് ആകാശത്തിനു കുറുകെ വരയ്ക്കപ്പെട്ടിരിക്കുന്ന ഈ മനോഹര വർണ്ണങ്ങൾ നമുക്ക് ഉറപ്പുതരുന്നു. ഈ വാഗ്ദത്തത്തിൽ അവന്റെ വചനത്തെ നമുക്ക് ആശ്രയിക്കുവാൻ കഴിയുമെങ്കിൽ, അവൻ പറയുന്നതിലെല്ലാം അവന്റെ വചനത്തെയും എന്തുകൊണ്ട് ആശ്രയിച്ചുകൂടാ?

**അടുത്ത പ്രാവശ്യം നിങ്ങൾ ഒരു മഴവില്ല് കാണുമ്പോൾ, ദൈവത്തിന്റെ വാഗ്ദത്തങ്ങളെപ്പറ്റി ചിന്തിക്കുക. ആ വാഗ്ദത്തങ്ങളിലെല്ലാം ആശ്രയിക്കുവാൻ നമുക്കെങ്ങനെ പഠിക്കുവാൻ കഴിയും?**

## കഴിഞ്ഞ നാളുകളെ സംബന്ധിച്ച്

ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനമെന്ന നിലയിൽ അവർക്കുണ്ടായിരുന്ന ശ്രേഷ്ഠ പദവികളെ സംബന്ധിച്ച് മോശെയിലൂടെ ദൈവം തന്റെ ജനത്തിനു കൊടുത്ത അത്ഭുതകരമായ ഉപദേശങ്ങൾ നാം ആവർത്തനം നാലിൽ വായിച്ചു. "നിങ്ങളുടെ ദൈവമായ യഹോവ മിസ്രയീമിൽവെച്ച് നീ കാൺകെ നിങ്ങൾക്കു വേണ്ടി ചെയ്തതുപോലെ ഒക്കെ പരീക്ഷകൾ, അടയാളങ്ങൾ, അത്ഭുതങ്ങൾ, യുദ്ധം, ബലമുള്ള കൈ, നീട്ടിയ ഭുജം, വലിയ ഭയങ്കര പ്രവൃത്തികൾ" എന്നിവയാൽ മിസ്രയീമിൽനിന്ന് അവരെ വിടുവിച്ചു (ആവ. 4:34). മറ്റൊരുവിധത്തിൽ പറഞ്ഞാൽ, നിങ്ങൾക്കുവേണ്ടി ദൈവം ഒരു വൻകാര്യം ചെയ്തു എന്നു മാത്രമല്ല, അവൻ നിങ്ങൾക്കുവേണ്ടി ചെയ്ത വൻകാര്യങ്ങൾ ഒരിക്കലും മറക്കാതിരിക്കുവാൻ ഓർക്കുന്നതിന് സഹായിക്കുന്ന വഴികളിലാണ് അവൻ ചെയ്തത്.

**വായിക്കുക: ആവ. 4:32–39. ഓർക്കുവാൻതക്കവണ്ണം ദൈവം അവരോട് പറയുകയായിരുന്നതെന്താണ്, അവർ ഇവ ഓർക്കണമെന്നതിലുള്ള പ്രാധാന്യമെന്താണ്?**

അവർക്കുവേണ്ടി ചെയ്തതുപോലെ ചരിത്രത്തിലെപ്പോഴെങ്കിലും ദൈവം ചെയ്തിട്ടുണ്ടോ എന്നു മോശെ ചരിത്രത്തിലുടനീളം സൃഷ്ടിപ്പുപോലും ചൂണ്ടിക്കാണിച്ചുകൊണ്ട് ആലങ്കാരികമായി ചോദിക്കുന്നു. വാസ്തവത്തിൽ, ചോദിക്കുന്നതിന് മോശെ അവരോട് ആവശ്യപ്പെടുകയാണ്; അതായത്, അവർതന്നെ പഠിക്കുന്നതിനും അവർ അനുഭവിച്ചതുപോലെ എന്തെങ്കിലും അതിനുമുമ്പ് സംഭവിച്ചിട്ടുണ്ടോ? അവരോട് ചില ചോദ്യങ്ങൾ ചോദിച്ചതിലൂടെ ദൈവം അവർക്കുവേണ്ടി ചെയ്തതിനെപ്പറ്റി അവർതന്നെ മനസ്സിലാക്കണമെന്നതിന് മോശെ ശ്രമിക്കുകയായിരുന്നു. അങ്ങനെ ആത്യന്തികമായി അവരുടെ ജീവിതത്തിൽ അവർ അനുഭവിച്ച് അവന്റെ ശക്തമായ പ്രവർത്തനങ്ങളെ ഓർത്ത് അവർ എന്തുമാത്രം ആഹ്ലാദപ്രദരും നന്ദിയുള്ളവരും ആയിരിക്കണം.

ഈ പ്രവർത്തനങ്ങളിൽ പ്രധാനമായത് മിസ്രയീമിൽനിന്നുള്ള വിടുതലും പിന്നീട് ഒരുപക്ഷേ, ചില വഴികളിൽ അതിലും ആശ്ചര്യകരമായത് സീനായ് മലയിൽ "തീയുടെ നടുവിൽ നിന്ന് അവന്റെ വചനം" കേൾക്കുന്നതിന് ഇടയാക്കിയതുമാണ്.

**വായിക്കുക: ആവ. 4:40. ദൈവം അവർക്കുവേണ്ടി എന്തു ചെയ്തു എന്നതിനെപ്പറ്റിയുള്ള ഈ വാക്കുകളിൽനിന്നും ജനം എന്തു പാഠം ഉൾക്കൊള്ളണമെന്നാണ് മോശെ താല്പര്യപ്പെട്ടത്?**

ഒരു ഉദ്ദേശ്യവുമില്ലാതെയായിരുന്നില്ല ദൈവം ഇവയെല്ലാം ചെയ്തത്. അവൻ ജനവുമായി ഉണ്ടാക്കിയ തന്റെ വാഗ്ദത്തപ്രകാരം തന്റെ ജനത്തെ വീണ്ടെടുത്തു. അവർ മിസ്രയീമിൽനിന്നും സ്വതന്ത്രരാക്കപ്പെടുകയും വാഗ്ദത്തനാട്ടിൽ പ്രവേശിക്കാറാകുകയും ചെയ്തു. ദൈവം തന്റെ ഭാഗം ചെയ്തു. ജനം അവരുടെ ഭാഗം ചെയ്യുവാൻ തക്കവണ്ണം വിളിക്കപ്പെട്ടിരിക്കുന്നു എന്നുപറഞ്ഞാൽ അവർ അവനെ അനുസരിക്കണമെന്നുള്ളതാണ്.

പുതിയനിയമത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന പ്രകാരം ഈ മാതൃക എങ്ങനെയാണ് രക്ഷാപദ്ധതിയെ പ്രതിനിധീകരിക്കുന്നത്? യേശു നമുക്കുവേണ്ടി ചെയ്തതെന്താണ്, അവൻ നമുക്കുവേണ്ടി ചെയ്തതിനോട് നാം പ്രതികരിക്കേണ്ടത് എങ്ങനെയാണ്? (വെളി. 14:12 കാണുക).

## മറക്കാതെയിരിക്കുവാൻ... ജാഗ്രതയോടെ കാത്തുകൊൾക

**വായിക്കുക: ആവ. 4:9,23. ഇവിടെ ചെയ്യുവാൻ തക്കവണ്ണം അവരോട് ദൈവം ആവശ്യപ്പെടുന്നത് എന്താണ്, ഈ ജനതയ്ക്ക് ഈ ഉപദേശം അത്ര പ്രധാനമായിരിക്കുന്നത് എന്തുകൊണ്ടാണ്?**

ഈ വാക്യങ്ങളുടെ ആദ്യഭാഗങ്ങളിൽ കാണപ്പെടുന്ന “ജാഗ്രതയോടെ കാത്തുകൊൾക” എന്നും “മറക്കുക” എന്നുമുള്ള രണ്ടു ക്രിയാപദങ്ങൾ പ്രബലമായിരിക്കുന്നു. മറന്നുപോകാതിരിക്കുവാൻ നിങ്ങൾ ജാഗ്രതയോടെ കാത്തുകൊൾക എന്ന് ദൈവം അവരോട് പറയുന്നു. അതായത്, ദൈവം നിങ്ങൾക്കുവേണ്ടി ചെയ്തവയും, വേണ്ട, അവൻ നിങ്ങളുമായി ഉണ്ടാക്കിയ ഉടമ്പടിയും നിങ്ങൾ മറക്കുകയില്ലേ?

“ജാഗ്രതയോടെ കാത്തുകൊൾക” smr എന്ന ക്രിയാപദം (ഇത് ആവർത്തനം 4:9 ൽ “സ്വയം സൂക്ഷിക്കുക” എന്ന് പരിഭാഷപ്പെടുത്തി ഒരു വ്യത്യസ്തരൂപത്തിൽ ഉപയോഗിച്ചിരിക്കുന്നു) പഴയനിയമത്തിലുടനീളം കാണപ്പെടുന്നു. “സൂക്ഷിക്കുക”, “നിരീക്ഷിക്കുക”, “സംരക്ഷിക്കുക” അല്ലെങ്കിൽ “കാക്കുക” എന്നൊക്കെ ഇത് അർത്ഥമാക്കുന്നു. തിരുവെഴുത്തുകളിൽ ആദ്യമായി ഇത് പ്രത്യക്ഷപ്പെടുന്നത് പാപത്തിനു മുമ്പ് ദൈവം ആദാമിനും ഹവ്വയ്ക്കും നല്കിയ തോട്ടത്തെ “കാപ്പാൻ” ആവശ്യപ്പെട്ടപ്പോഴാണെന്നത് രസകരമാണ് (ഉല്പത്തി 2:15).

എന്നിരിക്കിലും, ദൈവം തന്റെ ജനത്തിൽ ഓരോരുത്തരോടുമായി തങ്ങൾ മറക്കാതിരിക്കുന്നതിന് തങ്ങളെത്തന്നെ കാപ്പാൻ ആവശ്യപ്പെടുന്നു. അത് ഓർമ്മ നഷ്ടമാകുന്ന അർത്ഥത്തിലധികമായി “മറക്കുക” എന്നതല്ല (കാലം കടന്നുപോകുകയും പുതിയ തലമുറകളിൽ അതുണ്ടാകുവാൻ സാധ്യതയുണ്ടെങ്കിലും), എന്നാൽ അതിലുപരിയായി അവരുടെ ഉടമ്പടി കർത്തവ്യത്തിന്റെ ഒരു അയഞ്ഞ അർത്ഥത്തിലാണ്. അതായത്, അവർ ആരായിരുന്നു എന്നും അവർ ദൈവത്തിന്റെ മുമ്പാകെയും മറ്റ് എബ്രായരുടെ മുമ്പിലും അവർക്കിടയിലുള്ള പരദേശികൾക്കിടയിലും അവർക്കു ചുറ്റുമുള്ള ജനതകൾക്കു മുമ്പിലും അവർ എങ്ങനെ ജീവിക്കണമായിരുന്നു എന്നതിനെ സംബന്ധിച്ച് ശ്രദ്ധാലുക്കളാകണമായിരുന്നു.

**വീണ്ടും ആവ. 4:9 വായിക്കുക: (ആവ. 6:7, 11:19) അവരുടെ മക്കൾക്കും മക്കളുടെ മക്കൾക്കും അവയെ ഉപദേശിച്ചുകൊടുക്കുന്നതിനെപ്പറ്റി ചിന്തിക്കുക. മറക്കാതിരിക്കുവാനവരെ സഹായിക്കുന്നതിന് അതിനെന്തു ചെയ്യുവാനുണ്ട്?**

അവർ മറക്കാതിരിക്കുവാനും ഈ കാര്യങ്ങൾ അവരുടെ ഹൃദയത്തിൽനിന്ന് വിട്ടുപോകാതിരിക്കുവാനും അവരോട് മോശെ പറഞ്ഞയുടൻതന്നെ, അടുത്ത തലമുറയെയും അതിനടുത്ത തലമുറയെയും ഉപദേശിക്കുന്നതിന് താനാവശ്യപ്പെടുന്നത് യാദൃശ്ചികമായി ഉണ്ടായ ഒന്നല്ല. ഈവക കാര്യങ്ങളെക്കുറിച്ച് മക്കൾ കേൾക്കുക മാത്രമല്ല, ഒരുപക്ഷേ അതിലും പ്രധാനമായി, ദൈവം അവർക്കുവേണ്ടി ചെയ്തവയെ സംബന്ധിച്ച കഥകൾ പറയുകയും അവ വീണ്ടും പറയുകയും ചെയ്യുന്നതിലൂടെ ജനം അവയെന്തൊക്കെയായിരുന്നെന്ന് മറക്കാതെയിരിക്കും. അങ്ങനെ, ദൈവം തന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തിനുവേണ്ടി ചെയ്തവയെ സംബന്ധിച്ച പരിജ്ഞാനം കാത്തുസൂക്ഷിക്കുവാനുള്ള നല്ല മാർഗ്ഗമാണിത്.

**നിങ്ങൾക്കു ദൈവവുമായുണ്ടായിട്ടുള്ള അനുഭവങ്ങൾ മറ്റുള്ളവരോട് പറയുന്നതിലൂടെ മറ്റുള്ളവർ മാത്രമല്ല നിങ്ങളും പ്രയോജനപ്പെട്ടിരിക്കുന്നത് എങ്ങനെയാണ്? ദൈവത്തിന്റെ നടത്തിപ്പ് നിങ്ങൾ ആവർത്തിച്ച് ഓർക്കുന്നത് അവന്റെ നടത്തിപ്പ് മറക്കാതിരിക്കുവാൻ എങ്ങനെ നിങ്ങളെ സഹായിച്ചിട്ടുണ്ട്?**

## തിന്ന് തൃപ്തരാകുക

34 വർഷം സെവന്ത് ഡേ അഡ്വന്റിസ്റ്റു സഭയുടെ ജനറൽ കോൺഫറൻസിൽ വേല ചെയ്ത ഒരു മുൻ സഭാനേതാവും തന്റെ ഭാര്യയും അനേകവർഷംമുമ്പ് ഒരു വിമാനത്താവളത്തിൽ ഇറങ്ങിയപ്പോൾ, എങ്ങനെ അവരുടെ ഒരു സാധനം നഷ്ടപ്പെട്ടു എന്നതിനെപ്പറ്റി ഒരു കഥ പറഞ്ഞു. സൂക്ഷിപ്പുകാരനോട് "അതാ അവിടെ" എന്ന് പറഞ്ഞതിനുശേഷം അവർ പൊതുജനത്തിനുമുമ്പിൽ മുട്ടുകുത്തി പ്രാർത്ഥിച്ച്, ആ സാധനം തിരിച്ചുലഭിക്കുന്നതിന് ദൈവത്തോട് അപേക്ഷിച്ചു. കുറേനാളുകൾക്കു ശേഷം ഇതേസംഭവം വീണ്ടുമുണ്ടായി. അവർ വിമാനത്താവളത്തിൽ എത്തി. എന്നാൽ ഒരു സാധനം എത്തിയില്ല. "വിഷമിക്കേണ്ട, ഇൻഷൂറൻസ് പരിരക്ഷയുണ്ടല്ലോ" എന്ന് തന്റെ ഭാര്യയോട് പറഞ്ഞു.

**ഈ കഥ മനസ്സിൽ വച്ചുകൊണ്ട്, ആവ. 8:7–18 വായിക്കുക. ദൈവം തന്റെ ജനത്തിന് എന്തു താക്കീതാണ് കൊടുക്കുന്നത്. ഇന്ന് നമുക്കും ഇതെന്ത് അർത്ഥമാക്കണം?**

അവർ ദൈവത്തോട് വിശ്വസ്തരായിരുന്നത് അവർക്ക് എന്ത് കൊണ്ടുവന്നു. അവർ അത്ഭുതകരവും സമൃദ്ധിയുമുള്ള ഒരു ദേശം അവകാശമാക്കിയെന്നു മാത്രമല്ല, അത് "സുഭിക്ഷമായി ഉപജീവനം കഴിയാകുന്നതും ഒന്നിനും കുറവില്ലാത്തതുമായ ദേശം" (ആവ. 8:9). എന്നാൽ അവർ ദേശത്ത് അത്യധികമായി അനുഗ്രഹിക്കപ്പെടും: ആടുമാടുകളും സ്വർണ്ണവും വെള്ളിയും മനോഹരമായ വീടുകളും. അതായത്, ഈ ജീവിതത്തിൽ അവർക്കു ലഭ്യമാകുവാൻ കഴിയുമായിരുന്നതിൽ എല്ലാവിധ ഭൗതിക സൗകര്യങ്ങളുമവർക്കു നല്കപ്പെട്ടു. എന്നാൽ പിന്നെ എന്ത്? സമ്പത്തും ഭൗതിക സമൃദ്ധിയും ഉണ്ടാകുമ്പോൾ സാധാരണ നേരിടുന്ന അപകടം, "അവനല്ലോ നിനക്കു സമ്പത്തുണ്ടാക്കുവാൻ ശക്തിതരുന്നത്" (ആവ. 8:18) എന്ന സത്യം മറന്നുപോയി.

ആരംഭത്തിലല്ല, ആണ്ടുകൾ കടന്നുകൊണ്ടിരുന്നപ്പോഴും അവർക്കാവശ്യമായ ഭൗതിക സുഖസൗകര്യങ്ങൾ ഉണ്ടായപ്പോഴും അവരുടെ കഴിഞ്ഞ നാളുകളെ മറന്നു. "ഭയങ്കരമായ മഹാമരുഭൂമിയിൽകൂടി" (ആവ. 1:19) ദൈവം എങ്ങനെ നടത്തി എന്നത് മറന്നു. വാസ്തവത്തിൽ അവരെ അത്രയും വിജയികളാക്കിയത് അവരുടെ സ്വന്തം മിടുക്കും താലന്തുകളുമാണെന്ന് അവർ ചിന്തിച്ചു. ഇതു ചെയ്യുന്നതിനെതിരെയുള്ള താക്കീതായിരുന്നു ദൈവം കൃത്യമായി കൊടുത്തിരുന്നത്. (നിർഭാഗ്യവശാൽ, പ്രത്യേകിച്ച് പിന്നീടുള്ള പ്രവാചകന്മാരെ ഒരുവൻ വായിക്കുമ്പോൾ, കൃത്യമായി അവർക്കു സംഭവിച്ചത് ഇതുതന്നെയായിരുന്നു).

അങ്ങനെ ഈ സമൃദ്ധിക്കു മദ്ധ്യേ ദൈവം മാത്രമാണ് ഇത് അവർക്കുവേണ്ടി ചെയ്തത് എന്നും അവൻ അവർക്കു കൊടുത്ത ഭൗതിക അനുഗ്രഹങ്ങൾ കാരണം വഞ്ചിക്കപ്പെട്ടുപോകരുത് എന്നും ഓർക്കുന്നതിന് മോശെ അവരോടു പറഞ്ഞു. നൂറ്റാണ്ടുകൾക്കുശേഷം, "ധനത്തിന്റെ വഞ്ചനയെപ്പറ്റി" (മർക്കൊ. 4:19) യേശുതന്നെ വിതയ്ക്കുന്നവന്റെ ഉപമയിലൂടെ മുന്നറിയിപ്പുകൊടുത്തു.

**എത്ര പണവും ഭൗതിക വസ്തുവകകളും നമുക്കുണ്ടായിരുന്നാലും നാമെല്ലാവരും നിലത്ത് ഒരു കുഴിക്കുവേണ്ടി കാത്തിരിക്കുന്ന മാംസവും രക്തവുമാണ്. ധന**

**ത്തിൽനിന്നും വരുന്ന അപകടത്തെപ്പറ്റി ഇതു നമ്മോടെന്തു പറയണം. ആ ധനത്തിൽ, നിലത്തിലെ ആ കുഴിയിൽനിന്നും നമ്മെ വീണ്ടെടുക്കുവാൻ കഴിയുന്ന ആ ഒരുവന്റെ ആവശ്യകതയെ നാം മറന്നുപോയേക്കാം?**

## നിങ്ങൾ ഒരു അടിമയായിരുന്നെന്നോർക്കുക

**വായിക്കുക: ആവ. 5:15; 6:12; 15:15; 16:3,12; 24:18,22. ജനം ഒരിക്കലും പ്രത്യേകിച്ച് മറക്കാതിരിക്കണം എന്ന് ദൈവം ആവശ്യപ്പെട്ടത് എന്താണ്, എന്തുകൊണ്ട്?**

നാം കണ്ടതുപോലെ, പഴയനിയമത്തിലുടനീളം ദൈവം നിരന്തരം ജനത്തിന്റെ ശ്രദ്ധയെ തിരിച്ച് പുറപ്പാടിലേക്കും മിസ്രയീമിൽനിന്നുള്ള അവരുടെ അത്ഭുതകരമായ ദൈവത്തിന്റെ വീണ്ടെടുപ്പിലേക്കും കൊണ്ടുവന്നു. ഇന്നേയ്ക്ക് ആയിരക്കണക്കിനു വർഷം കഴിഞ്ഞും, ആചാരങ്ങൾ പാലിക്കുന്ന യെഹൂദന്മാർ, ദൈവം അവർക്കുവേണ്ടി ചെയ്തവയുടെ ഓർമ്മയ്ക്കായി പെസഹ ആഘോഷിക്കുന്നു. "നിങ്ങൾക്കു തരുവാനിക്കുന്ന ദേശത്തു നിങ്ങൾ എത്തിയശേഷം നിങ്ങൾ ഈ കർമ്മം ആചരിക്കണം, ഈ കർമ്മം എന്തെന്ന് നിങ്ങളുടെ മക്കൾ നിങ്ങളോടു ചോദിക്കുമ്പോൾ: മിസ്രയീമ്യരെ ദണ്ഡിപ്പിക്കയിൽ മിസ്രയീമിലിരുന്ന യിസ്രായേൽ മക്കളുടെ വീടുകളെ ഒഴിഞ്ഞു കടന്നു നമ്മുടെ വീടുകളെ രക്ഷിച്ച യഹോവയുടെ പെസഹയാഗം ആകുന്നു ഇത് എന്ന് നിങ്ങൾ പറയണം" (പുറ. 12:25–27).

സഭയ്ക്ക് ഇന്ന്, പെസഹ എന്നത് ക്രിസ്തുവിൽ നമുക്കു നല്കപ്പെട്ട വീണ്ടെടുപ്പിന്റെ ഒരു പ്രതീകമാണ്: "നമ്മുടെ പെസഹകുഞ്ഞാടും അറുക്കപ്പെട്ടിരിക്കുന്നു; ക്രിസ്തുതന്നെ" (1 കൊരി. 5:7).

**വായിക്കുക: എഫെ. 2:8–13. ജാതികളായ ഈ വിശ്വാസികൾ ഓർക്കുവാൻ ആവശ്യപ്പെട്ടിരിക്കുന്നത് എന്തൊക്കെയാണ്? ആവർത്തനപുസ്തകത്തിലെ എബ്രായർ ഓർക്കുന്നതിന് ആവശ്യപ്പെട്ടിരിക്കുന്നത് ഇതിനു സമാന്തരമാകുന്നത് എങ്ങനെയാണ്?**

ദൈവം അവർക്കുവേണ്ടി എന്തു ചെയ്തു എന്നും എന്തിൽനിന്നും ദൈവം അവരെ രക്ഷിച്ചു എന്നും ദൈവത്തിന്റെ കൃപ കാരണം അവർക്കിപ്പോൾ എന്ത് ഉണ്ടെന്നും ഈ ജനം ഓർക്കണമെന്ന് പൗലൊസ് ആഗ്രഹിച്ചു. യിസ്രായേൽ മക്കൾക്കെന്നപോലെ, അവർക്കുള്ളതോ ദൈവത്തോട് അവരെ ശുപാർശ ചെയ്യുവാൻ എന്തെങ്കിലും അവർക്കുള്ളതുകൊണ്ടോ അല്ല. പകരം ക്രിസ്തുയേശുവിൽ അവർ ആര് ആക്കിത്തീർത്തു എന്ന "വാഗ്ദത്തത്തിന്റെ ഉടമ്പടിയിൽനിന്നും പരദേശികൾ" ആയിരുന്നെങ്കിലും ഇത് അവർക്ക് നല്കപ്പെട്ട ദൈവത്തിന്റെ കൃപ മാത്രമായിരുന്നു.

മരുഭൂമിയിലെ യെഹൂദന്മാർ ആയിരുന്നാലും എഫെസൊസിലെ ക്രിസ്ത്യാനികളായിരുന്നാലും അല്ലെങ്കിൽ ലോകത്തിന്റെ ഏതു ഭാഗത്തുമുള്ള സെവന്ത് ഡേ അഡ്വന്റിസ്റ്റുകാരായിരുന്നാലും ദൈവം ക്രിസ്തുവിൽ നമുക്കുവേണ്ടി ചെയ്തത് എല്ലായ്പോഴും ഓർക്കുകയും മറക്കാതിരിക്കുകയും ചെയ്യുന്നത് എത്ര നിർണ്ണായകമാണ്. അപ്പോൾ, ഈ വാക്കുകൾ നമുക്കുള്ളത് ആശ്ചര്യകരമല്ല: "ക്രിസ്തുവിന്റെ ജീവിതത്തെ ധ്യാനിച്ചുകൊണ്ട് ദിവസവും ഒരു മണിക്കൂറെങ്കിലും ചിലവിടുന്നത് നമുക്ക് നല്ലതാണ്. നാം വിഷയം വിഷയമായി എടുക്കണം. ഓരോ ദൃശ്യത്തെയും സങ്കല്പം പിടിച്ചെടുക്കണം, പ്രത്യേകിച്ച് അവസാനഭാഗങ്ങൾ. നമുക്കുവേണ്ടിയുള്ള അവന്റെ മഹാത്യാഗത്തെ നാം ധ്യാനിക്കുമ്പോൾ അവനിലുള്ള നമ്മുടെ ആത്മവിശ്വാസം കൂടുതൽ അചഞ്ചലമായിത്തീരുകയും നമ്മുടെ സ്നേഹം പുനരുജ്ജീവിപ്പിക്കപ്പെടുകയും അങ്ങനെ നാം കൂടുതൽ ആത്മനിറവുള്ളവരായിത്തീരുകയും ചെയ്യും." Ellen G. White, The Desire of Ages, p. 83.

## കൂടുതൽ പഠനത്തിന്:

“ദൈവത്തിന്റെ കാരുണ്യം എത്ര ശ്രേഷ്ഠമാണ്. മനുഷ്യരോടുള്ള അവന്റെ ഉടമ്പടിയുടെ അടയാളമെന്നവിധം ആകാശത്ത് മനോഹരമായ മഴവില്ല് വരച്ചതിലൂടെ തെറ്റുചെയ്യുന്ന അവന്റെ സൃഷ്ടികളോടുള്ള സഹതാപവും എത്ര വലുതാണ്! അവൻ മഴവില്ലിനെ നോക്കുമ്പോൾ അവന്റെ ഉടമ്പടി ഓർക്കുമെന്ന് അവൻ പ്രഖ്യാപിക്കുന്നു. എന്നെങ്കിലും അവനിത് മറന്നുപോകുമെന്ന് ഇത് അർത്ഥമാക്കുന്നില്ല. എന്നാൽ നാം അവനെ നല്ലവിധവും നമ്മുടെ സ്വന്തം ഭാഷയിലും മനസ്സിലാക്കുന്നതിനുവേണ്ടിയാണ്. പിന്നീടുള്ള തലമുറകളുടെ മക്കൾ ആകാശത്തു വിരിച്ചിരിക്കുന്ന തേജസ്സേറിയ ഈ അർദ്ധവൃത്താകൃതി എന്താണെന്ന് ചോദിക്കുമ്പോൾ, അവരോട് ജലപ്രളയത്തിന്റെ കഥ ആവർത്തിക്കുകയും വെള്ളം ഒരിക്കലും ഇനി ഭൂമി നിറഞ്ഞുകവിയുകയില്ലെന്ന ഒരു ഉറപ്പെന്നവിധം അത്യുന്നതൻ ഈ വില്ല് വളച്ച് ആകാശത്തിൽ വച്ചിരിക്കുകയാണ് എന്ന് അവരോടു പറയുകയും വേണം. അങ്ങനെ തലമുറതലമുറയായി മനുഷ്യനോടുള്ള ദൈവസ്നേഹത്തെ ഇതു സാക്ഷീകരിക്കുകയും ദൈവത്തിലുള്ള അവന്റെ ആത്മവിശ്വാസം ഇതു ബലപ്പെടുത്തുകയും ചെയ്യും.” എലൻ വൈറ്റ് പ്രവാചകന്മാരും ഗോത്രപിതാക്കന്മാരും, പുറം. 106,107.

ലോകത്തിലെ ചില രാജ്യങ്ങളിലുള്ള സഭ ഇന്ന് അനുഭവിക്കുന്നതുപോലെയുള്ള ധനവും സുഖസൗകര്യങ്ങളും ആസ്വദിക്കുന്ന ഒരു സഭ ക്രിസ്ത്യാനിത്വത്തിന്റെ ആരംഭംമുതൽ ഇതുവരെയും ഉണ്ടായിട്ടില്ല. എന്തിന്റെ ചിലവിൽ എന്നതാണ് ചോദ്യം. ഇങ്ങനെയുള്ള സമ്പത്ത് നമ്മുടെ ആത്മീയതയെ തീർച്ചയായും സ്വാധീനിക്കും - അത് നന്മയിലേക്കുമല്ല. ഇതെങ്ങനെയാണ്? ധനവും ഭൗതിക സമൃദ്ധിയും വർദ്ധിച്ചതുമുതൽ അത് സ്വയം വെടിയലും സ്വയ ത്യാഗവുമെന്ന ക്രിസ്തീയ ധർമ്മങ്ങൾ വളർത്തിയത് എപ്പോഴാണ്? പല സമയങ്ങളിലും അതിനു വിപരീതമായി സംഭവിക്കുകയാണ്. മനുഷ്യർക്കു സമൃദ്ധിയായി ഉണ്ടായിരിക്കുന്തോറും അവർ കൂടുതൽ സ്വയം സംതൃപ്തിയടയുന്നവരായിത്തീർന്നുകൊണ്ടിരിക്കുകയും ദൈവത്തിലുള്ള അവരുടെ ആശ്രയം കുറഞ്ഞുകൊണ്ടിരിക്കുകയും ചെയ്യും. ധനവും സമ്പത്തും അവയെത്ര നല്ലതായിരുന്നാലും അവ വരുന്നത് അപകടകരമായ പല ആത്മീയ കെണികളായിട്ടാണ്.

## ചർച്ചാചോദ്യങ്ങൾ

1. ധനം എങ്ങനെ (അത് നല്ലവിധം ബന്ധപ്പെട്ടിരിക്കാം. അതായത് സ്വന്തനാട്ടിൽ ധനവാനാണെന്ന് പരിഗണിക്കപ്പെടാത്തവൻ മറ്റൊരു ദേശത്ത് ധനവാനെന്ന് എണ്ണപ്പെട്ടേയ്ക്കാം) നമ്മുടെ ആത്മീയതയെ സ്വാധീനിക്കുന്നു എന്ന് ചർച്ച ചെയ്യുക. ധനത്തിന് ഉണ്ടാക്കുവാൻ കഴിയാമാകുന്ന ചില ആത്മീയ അപകടങ്ങളിൽനിന്നും ധനാഢ്യർക്ക് തങ്ങളെത്തന്നെ സംരക്ഷിക്കുവാൻ കഴിയുന്ന ചില വഴികളെന്തൊക്കെയാണ്?

2. ക്രിസ്തുവിന്റെ ജീവിതത്തിലെ അവസാന സംഭവത്തെപ്പറ്റിയും നമ്മോടുള്ള ദൈവസ്നേഹത്തെപ്പറ്റിയും ആ സ്നേഹത്തിന്റെ യാഥാർത്ഥ്യത്തെ ഒരിക്കലും മറക്കുവാൻ പാടില്ലാത്തതെന്തുകൊണ്ടാണെന്നും ക്ലാസ്സിൽ ചർച്ച ചെയ്യുക. ദൈവത്തിന്റെ നന്മയെ വെളിപ്പെടുത്തുന്ന മറ്റെന്തിനെയെല്ലാംപറ്റി നിങ്ങൾക്കു ചിന്തിക്കുവാൻ കഴിയും, എന്തുകൊണ്ട് ഈ യാഥാർത്ഥ്യത്തെ നാം എല്ലായ്പോഴും മനസ്സിൽ വച്ചിരിക്കണം?

3. ലോകവ്യാപകമായ ഒരു ജലപ്രളയം ഉണ്ടായിരുന്നു എന്ന് ബൈബിൾ പറയുന്നുണ്ടെങ്കിലും (മഴവില്ലുംകൂടെ), അങ്ങനെയൊന്ന് ഇല്ലായിരുന്നു എന്ന് ചില ശാസ്ത്രജ്ഞന്മാർ പറയുന്നതെന്തുകൊണ്ടാണ്. ആറുദിവസത്തെ

സൃഷ്ടിപ്പിനെപ്പറ്റിയും (അത് ഓർക്കുന്നതിന് ഏഴാം ദിനശബ്ബത്ത് തന്നു) ബൈബിൾ പറയുന്നുണ്ടെങ്കിലും അങ്ങനെ ഒന്നില്ലായിരുന്നു എന്നും അവർ പറയുന്നു. വിശ്വാസത്തിന്മേൽ സംസ്കാരത്തിന്റെ സ്വാധീനം എത്ര ശക്തിയേറിയതും നിഷേധാത്മകവുമായിരിക്കാമെന്ന് ഇതു നമ്മോട് എന്തുപറയണം?